# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. T 5558

**18.11..2019-ൽ മറുപടിയ്ക്ക്**

**വിദേശ ടൂറിസ്റ്റുകളുടെ ചികിത്സ**

| ചോദ്യം<br>**ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പ്രളയം സംസ്ഥാനത്തെ മെഡിക്കൽ ടൂറിസത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | (എ) യും ബി) യും (സി) യും | സംസ്ഥാനത്ത് ഉണ്ടായ പ്രളയം സംസ്ഥാന വിനോദ സഞ്ചാര രംഗത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുമൂലം 2018 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ വിനോദ സഞ്ചാരികളുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. ഇത് ചികിത്സയ്ക്കായി മറ്റും എത്തുന്ന വിനോദ സഞ്ചാരികളെയും ബാധിച്ചിട്ടുണ്ട് എന്ന് മനസിലാക്കുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം കൂടുതൽ ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് എത്തുമെന്നാണ് പ്രതീക്ഷ. ഈ വർഷത്തെ ടൂറിസം സീസൺ ആരംഭിച്ച സ്ഥിതിയ്ക്ക് ഇത് സംബന്ധിച്ച് ശുഭ പ്രതീക്ഷയാണ് വകുപ്പിനുള്ളത്. മെഡിക്കൽ ചികിത്സയ്ക്കായും സഞ്ചാരികൾ കൂടുതലായെത്തുമെന്നും വകുപ്പ് പ്രതീക്ഷിക്കുന്നുണ്ട്. വിനോദ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ വേണ്ടതരത്തിലുള്ള പ്രചാരണ പരിപാടികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ആശുപത്രികളെക്കൂടി വിദേശ ടൂറിസ്റ്റുകളുടെ ചികിത്സയ്ക്കായി വിനിയോഗിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടില്ല. |
| (ബി) | കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിദേശ ടൂറിസ്റ്റുകൾ മെഡിക്കൽ ചികിത്സക്കായി സംസ്ഥാനത്ത് കൂടുതലായി എത്തുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | അന്താരാഷ്ട്ര നിലവാരത്തിലുള്ള ആശുപത്രികൾ, മികച്ച ഡോക്ടർമാർ, കുറഞ്ഞ നിരക്കിലുള്ള ചികിത്സ തുടങ്ങിയ ഘടകങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് സംസ്ഥാനത്തെ സർക്കാർ മേഖലയിലുള്ള ആശുപത്രികളെ കൂടി വിദേശ ടൂറിസ്റ്റുകളുടെ ചികിത്സയ്ക്കായി വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ